# മഅ്ആശിറ വിളി

ശാഫി സ്വലാഹി ചങ്ങലീരി

നമ്മുടെ നാട്ടിലെ സുന്നി പള്ളികളിൽ കാണുന്ന മറ്റൊരു സമ്പ്രദായമാണ്, ജുമുഅയുടെ സമയത്ത് ഖതീബിനെയും ജനങ്ങളെയും സ്വാഗതം ചെയ്തുകൊണ്ട് 'മഅ്ആശിറൽ മുസ്‌ലിമീന...' എന്നു പറഞ്ഞുകൊണ്ട് മുഅദ്ദിൻ നടത്തുന്ന ഒരു വിളിച്ചു പറയൽ. മഅ്ആശിറ വിളി എന്നാണ് അതിന് പറയാറുള്ളത്. എന്നാൽ ഇത്തരമൊരു സമ്പ്രദായം ഇസ്‌ലാമിലില്ലെന്നത് തീർച്ചയാണ്. കാരണം നബി(ﷺ)യും സ്വഹാബാക്കളും ഖുതുബ നടത്തിയ കാലത്തൊന്നും അങ്ങനെയൊരു സമ്പ്രദായമുണ്ടായിട്ടില്ല. അത് പിൽകാലത്ത് മതത്തിൽ കടന്നു കൂടിയതാണ്. അഥവാ അത് ബിദ്അത്താണ്. ഇക്കാര്യം ഇമാം ശാഫിഈ(റ)യുടെ വാക്കുകളിൽ നിന്നുതന്നെ വ്യക്തമാകുന്നത് നോക്കൂ:

**(അൽ ഉമ്മ്: 1/297)**



( قال الشافعى ) وأحب أن يكون الأذان يوم الجمعة حين يدخل الإمام المسجد ويجلس على موضعه الذى يخطب عليه خشب أو جريد أو منبر أو شيء مرفوع له أو الأرض فإذا فعل أخذ المؤذن فى الأذان فإذا فرغ قام فخطب لا يزيد عليه .

( قال الشافعى ) وأحب أن يؤذن مؤذن واحد إذا كان على المنبر لا جماعة مؤذنين .

*അർത്ഥം:* "(ഇമാം ശാഫിഈ(റ) പറഞ്ഞു:) വെള്ളിയാഴ്ച ബാങ്ക് ഇമാം പള്ളിയിൽ പ്രവേശിക്കുന്ന സമയത്താവണമെന്ന് ഞാൻ ഇഷ്ടപ്പെടുന്നു. ഇമാം ഖുതുബ നിർവ്വഹിക്കുന്ന സ്ഥാനത്ത് ഇരിക്കുന്നതും ഞാൻ ഇഷ്ടപ്പെടുന്നു. അത് മരമോ ഈത്തപ്പനത്തടിയോ മിമ്പറോ ഉയർന്നുള്ള ഏത് വസ്തുവോ ഭൂമിയോ ആകാം. ഇമാം ഇരുന്നു കഴിഞ്ഞാൽ മുഅദ്ദിൻ ബാങ്ക് തുടങ്ങുകയും ബാങ്ക് കഴിഞ്ഞാൽ ഇമാം നിന്നു പ്രസംഗിക്കുകയും വേണം. ഇതിൽ കൂടുതൽ ഒന്നും വർദ്ധിപ്പിക്കരുത്." *(അൽ ഉമ്മ്: 1/297)*

നോക്കൂ, ജുമുഅഃ ഖുതുബയുടെ ആമുഖമായുള്ള കാര്യങ്ങൾ പറഞ്ഞ ശേഷം 'ഇതിൽ കൂടുതൽ ഒന്നും വർദ്ധിപ്പിക്കരുത്' എന്നാണ് ഇമാം ശാഫിഈ(റ) പറയുന്നത് അപ്പോൾ ഇന്നത്തെ സുന്നി പള്ളികളിൽ കാണുന്ന മഅ്ആശിറവിളി എന്ന സമ്പ്രദായത്തെ അദ്ദേഹം അംഗീകരിക്കുന്നില്ലെന്ന് അദ്ദേഹത്തിന്റെ മേൽ പ്രസ്താവനയിൽ നിന്നും മനസ്സിലാക്കാം.